പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6212

20/11/2019 ൽ മറുപടിക്ക്

## നാടൻ കന്നുകാലികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്

ചോദ്യം

ശ്രീ.കെ.എൻ.എ ഖാദർ
ശ്രീ.കെ.എം.ഷാജി
ശ്രീ.പി.ഉബൈദുള്ള
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

മറുപടി

അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ മേഖലയിലുണ്ടായ മാറ്റങ്ങൾ കാരണം സംസ്ഥാനത്ത് സങ്കരയിനം കന്നുകാലികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് കാർഷിക, കാലാവസ്ഥാ വ്യവസ്ഥകളുമായി പൊരുത്തപ്പെട്ട് വളരുന്നതിന് ശേഷിയുള്ളവയും വളരെ കുറഞ്ഞ പരിപാലന ചെലവുകൾ മാത്രമുള്ളവയുമായ നാടൻ കന്നുകാലികളുടെ എണ്ണം ശോഷിച്ചു കൊണ്ടിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ നാടൻ കന്നുകാലികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **2003**- ലെ **17**-ാമത് കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് നാടൻ കന്നുകാലികളുടെ എണ്ണം **387182** ആയിരുന്നു. ആയത് **2007** ലെ **18**-ാമത് കന്നുകാലി സെൻസസ് പ്രകാരം **118872** ആയി കുറയുകയും തുടർന്ന് **2012**-ലെ **19**-ാമത് സെൻസസ് പ്രകാരം **77045** ആയി കുറയുകയും ചെയ്തിട്ടുണ്ട്. |
| ബി) | വ്യാവസായികാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനം ലാഭകരമാകാത്ത അവസ്ഥയിൽ ഇപ്രകാരമുള്ള തനതു ജനുസുകളെ ഉപയോഗപ്പെടുത്തുക വഴി ഗാർഹികോപയോഗത്തിനുള്ള | ബി) | വ്യവസായികാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനം വളരെയേറെ കർഷകരുടെ തൊഴിലും ജീവിത മാർഗ്ഗവുമാണ്. ലാഭകരമായി ഈ തൊഴിൽ ചെയ്യുന്ന ധാരാളം കർഷകർ സംസ്ഥാനത്തുണ്ട് . സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് |

| | | | |
|---|---|---|---|
| | ക്ഷീരോല്പാദനം സാധ്യമാകുമെന്നിരിക്കെ തനതു ജനുസുകളുടെ സംരക്ഷണത്തിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | അടുക്കുന്നത് ഉൽപ്പാദനശേഷി കൂടിയ സങ്കരയിനം പശുക്കളിലൂടെയാണ്. രാജ്യത്തുതന്നെ ഉല്പാദനക്ഷമതയിൽ സംസ്ഥാനം പഞ്ചാബിന്റെ പിന്നിൽ രണ്ടാം സ്ഥാനത്താണ്.<br>തനതു ജനുസ്സിൽപ്പെട്ട കന്നുകാലികളുടെ സംരക്ഷണം, ഗാർഹികാവശ്യങ്ങൾക്കായി നാടൻ പശുക്കളുടെ വർദ്ധിച്ച ആവശ്യകത, നമ്മുടെ കാലാവസ്ഥക്കിണങ്ങിയ ഇനങ്ങളുടെ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്നു.<br><br>കൂടാതെ രാഷ്ട്രീയഗോകുൽ മിഷൻ പദ്ധതി വഴിയും തനത് നാടൻ പശുക്കളെ സംരക്ഷിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളത്തിലെ നാടൻ ജനുസ്സായി National Bureau of Animal Genetic Resources (NBAGR) അംഗീകാരം ലഭിച്ച വെച്ചൂർ ഇനത്തിന് പുറമെ കാസർഗോഡ് കുള്ളൻ , വടകര കുള്ളൻ, പെരിയാർ , ചെറുവള്ളി കുള്ളൻ എന്നിവയാണ് തനത് നാടൻ പശുവിനങ്ങളായി കരുതപ്പെടുന്നത്.<br>കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ജനിതക മേന്മയുള്ള തനത് നാടൻ പശുക്കളുടെ ബീജം ഉല്പാദിപ്പിച്ച്, കൃത്രിമ ബീജാധാനത്തിനായി മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കുന്നു.<br>കേരളത്തിലെ ഒരു പ്രധാന നാടൻ പശുവിനമായ വെച്ചൂർ പശുവിനെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്ന്, ജെഴ്സി ഫാം വിതുര എന്നീ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുവാനായി ഒരു ഫാം നടത്തിവരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സ്ഥാപനം ഇവയുടെ സംരക്ഷണ പ്രവർത്തനം ഏറ്റെടുത്തു നടത്തുന്നു.<br><br>വടക്കൻ കേരളത്തിലെ നാടൻ പശു ഇനമായ “കാസർഗോഡ് ഡ്വാർഫ്” എന്ന ഇനത്തെ സംരക്ഷിക്കുവാൻ മാത്രമായി കാസർഗോഡ് ബദിയടുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം നടത്തി വരുന്നു.<br><br>വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300 ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10000/- രൂപ വിവിധ പദ്ധതികളിലായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് നൽകിവരുന്നു. കേരളത്തിന്റെ തനത് നാടൻ ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ വിത്തുകാളകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ ബുൾ സ്റ്റേഷനുകളിൽ ലഭ്യമാണ്. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കേരളത്തിൽ തൃശ്ശൂർ, പുത്തൂരിലുള്ള ഫാമിൽ എല്ലാത്തരം നാടൻ പശുക്കളുടെയും ശേഖരം ഉണ്ട്. ഇവയുടെ ഗാഢശീതീകരിച്ച ബീജം നാടൻ പശുക്കളെ വളർത്തുന്ന കർഷകരുടെ ആവശ്യാനുസരണം മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾ, കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ എന്നിവ വഴി സൗജന്യമായി |

| | | | | |
|---|---|---|---|---|
| | | | | നൽകി വരുന്നു.<br><br>ജനിതക വ്യതിയാനം ഉണ്ടാകാതിരിക്കുവാൻ അതാത് തനത് ജനുസ്സുകളിൽപ്പെട്ട പശുക്കളിൽ മാത്രം ഈ ബീജം ഉപയോഗിക്കുവാൻ ഫീൽഡ് തലത്തിലെ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നാടൻ ജനുസ്സായ ഗിർ, വെച്ചൂർ, സഹിവാൾ എന്നിവയിൽ നിന്നും കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതിനായി ഭ്രൂണമാറ്റ പദ്ധതി കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതി പ്രകാരം കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ